## ചേർപ്പ് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ശുദ്ധജല വിതരണ പദ്ധതി

47 [930] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷന്റെ കീഴിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ വരുന്ന ചാഴൂർ, താന്ന്യം, ചേർപ്പ്, വല്ലച്ചിറ അവിണിശ്ശേരി പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏതു വരെയായി എന്നറിയിക്കാമോ;

(ബി) തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള കൂർക്കഞ്ചേരി, പാറളം പഞ്ചായത്തുകളിലെ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിന്റെ നിർമ്മാണ പുരോഗതി എന്തായെന്നും വിശദമാക്കാമോ;

(സി) തൃശ്ശൂർ കോർപ്പറേഷനിൽ കൂർക്കഞ്ചേരി മേഖലയായി പുതിയ പദ്ധതി നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ് തുടങ്ങുവാനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ചേവൂർ, മർത്താക്കര ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതി, ഊരകം ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ളപദ്ധതി, അവിണിശ്ശേരി പഞ്ചായത്ത് എൻ. സി./പി. സി. കുടിവെള്ള പദ്ധതി, ചാഴൂർ, താന്ന്യം എൻ. സി. എച്ച്. കുടിവെള്ളപദ്ധതി, ചാഴൂർ താന്ന്യം എം. പി. എൽ. എ. ഡി. കുടിവെള്ള പദ്ധതി എന്നിവയാണ് ചാഴൂർ, താന്ന്യം, ചേർപ്പ്, വല്ലച്ചിറ, ആവിണിശ്ശേരി പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ. ഇതിൽ ചേവൂർ, മർത്താക്കര ത്വരിത നഗര ശുദ്ധജലവിതരണ പദ്ധതി, ഊരകം ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതി എന്നീ പദ്ധതികളുടെ സ്രോതസ്സിന്റെ പണികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. ഈ രണ്ട് സ്കീമുകൾക്കും വേണ്ടിയുള്ള പൊതുവായ ശുദ്ധീകരണ ശാലയുടെ പണികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. അവിണിശ്ശേരി പഞ്ചായത്ത് എൻ. സി. /പി. സി. കുടിവെള്ള പദ്ധതിയുടെ പണികളുടെ എസ്റ്റിമേറ്റുകൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ചാഴൂർ, താന്ന്യം, എൻ. സി. എച്ച്. കുടിവെള്ള പദ്ധതിയുടെ ഇൻടേക്ക് വെല്ലിന്റെ പണി തുടങ്ങുകയും മോട്ടോർ പമ്പ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. താന്ന്യം പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചാഴൂർ, താന്ന്യം എം. പി. എൽ. എ. ഡി. കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തിയായി.

(ബി) കൂർക്കഞ്ചേരി പഞ്ചായത്ത് ഇപ്പോൾ തൃശ്ശൂർ കോർപ്പറേഷനിൽ ഉൾപ്പെടുന്നതിനാൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് തൃശ്ശൂർ കോർപ്പറേഷൻ ശുദ്ധജല വിതരണ പദ്ധതിയിൽനിന്നുമാണ് ജലം ലഭ്യമാക്കുന്നത്. പുതിയ പദ്ധതികളൊന്നും നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടത്തിലില്ല. പാറളം പഞ്ചായത്തിലും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതികളുടെ 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല, 5.47 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക്, പമ്പിംഗ് മെയിൻ, ജലവിതരണ പൈപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്ലാന്റ് മുതൽ ടാങ്ക് വരെയുള്ള 1500 മീറ്റർ കാസ്റ്റ് അയേൺ പൈപ്പിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 8000 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്.

(സി) കൂർക്കഞ്ചേരി, കണിമംഗലം എന്നീ സെൻസസ് ടൗണുകളിലേയ്ക്കും തൃശ്ശൂർ കോർപ്പറേഷനിലെ പുല്ലഴി, വിയ്യൂർ, അയ്യന്തോൾ, അരനാട്ടുകര, വിൽവട്ടം, പുറനാട്ടുകര എന്നീ സെൻസസ് ടൗണുകളിലേയ്ക്കും ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ് തുടങ്ങുവാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം തുടങ്ങുന്നതാണ്.

## അഴിയൂർ പഞ്ചായത്തിൽ ആവിഷ്കരിച്ച കുടിവെള്ള പദ്ധതി

48 [931] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ സ്കീം പ്രകാരം വടകരയിലെ അഴിയൂർ ഗ്രാമപഞ്ചായത്തിൽ മുഴുവൻ ശുദ്ധജലമെത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി എവിടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ടെക്നോളജി മിഷൻ സഹായത്തോടെ വടകര താലൂക്കിലെ അഴിയൂർ ഗ്രാമ പഞ്ചായത്തിലെ 44,250 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്ക് 635 ലക്ഷം രൂപ മതിപ്പുചെലവിൽ 2000-മാണ്ടിൽ ഭരണാനുമതി നൽകി. പദ്ധതിക്ക് 2002-ൽ 700 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതിയും 2003-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 700 ലക്ഷം രൂപ അടങ്കൽ തുകയായി വിഭാവനം ചെയ്ത ഈ പദ്ധതിക്ക് തുക അപര്യാപ്തമായതിനാൽ ചില സാങ്കേതിക മാറ്റങ്ങൾ വരുത്തേണ്ടിവന്നു. ഈ മാറ്റങ്ങളുടെ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതി 2005 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly